**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1350/AD A 1/2019/എം.ജി.യു    പി.ഡി. ഹിൽസ്,തീയതി: 01.04.2019

---

പരാമർശം:-1. ശ്രീ. പ്രഷീദ് കെ.കെ., ഹയർ ഗ്രേഡ് അസിസ്റ്റൻറ് രജിസ്ട്രാറുടെ 22.02.2019 തീയതിയിലെ അവധിയ്ക്കുള്ള അപേക്ഷ.

2. ശ്രീ. ജോയ് എം.ജെ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, ഇ. ജെ 10 സെക്ഷൻ,-ൻറെ 11.03.2019 തീയതിയിലെ പെൻഷൻപ്രാരംഭാവധിയ്ക്കുള്ള അപേക്ഷ.

3. ശ്രീ. സാബു സി ജോർജ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറുടെ 25.03.2019 തീയതിയിലെ സമർപ്പണം.

4. സർവ്വകലാശാല ഉത്തരവ് നം. 508/AD AI/2019/എം.ജി.യു. തീയതി 12.02.2019.

5. ഡോ. നന്ദകുമാർ കെ, ഡയറക്ടർ, സ്കൂൾ ഓഫ് പ്യുവർ ആൻറ് അപ്ലൈഡ് ഫിസിക്സ്-ൻറ സമർപ്പണത്തിന്മേലുള്ള രജിസ്ട്രാറുടെ 29.03.2019-ലെ ഉത്തരവ്

6. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016

7. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**<u>ഉത്തരവ്</u>**

ശ്രീ. ജോയ് ഇ., സെക്ഷൻ ഓഫീസർ,എൻ.എസ്.എസ്. സെക്ഷൻ, 31.03.2019-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

ശ്രീ. പ്രഷീദ് കെ.കെ., ഹയർ ഗ്രേഡ് അസിസ്റ്റൻറ് രജിസ്ട്രാർ 14 (പരീക്ഷാ വിഭാഗം), 01.04.2019 മുതൽ 10.05.2019 വരെ 40 ദിവസത്തെ ആർജിതാവധിയിക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. ജോയ് എം.ജെ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, ഇ. ജെ 10 സെക്ഷൻ, 01.04.2019 മുതൽ പെൻഷൻ പ്രാരംഭാവധിയിക്ക് സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാൻ 30.04.2019-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

ശ്രീ. സാബു സി. ജോർജ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ 15.02.2019 മുതൽ 45 ദിവസം അവധിയിലായിരുന്നു. ടിയാൻ 01.04.2019-ന് സർവ്വീസിൽ തിരികെ പ്രവേശിക്കാൻ സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നവ പരിഗണിച്ച് താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, സ്ഥലംമാറ്റം, നിയമനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

Draft #17 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 01-Apr-2019 02:14 PM - Page 1

Draft #17 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 01-Apr-2019 02:14 PM - Page 2

I.

| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനക്കയറ്റം, ജോലിയിൽ തിരികെ പ്രവേശിക്കൽ, സ്ഥലംമാറ്റം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1 | ശ്രീ. ജയകുമാർ പി.ആർ. അസിസ്റ്റന്റ് രജിസ്ട്രാർ (വൈസ് ചാൻസിലറുടെ ഓഫീസ് | 01.04.2019 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 68,700-1,10,400/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. പ്രഷീദ് കെ.കെ., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 2. | ശ്രീ. ജോസഫ് ജോർജ് ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ഇ.ഐ. 17 സെക്ഷൻ | 01.04.2019 പൂർവ്വാഹ്നം മുതൽ അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 45,800-89,000/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജയകുമാർ പി.ആർ., അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | ശ്രീ. പ്രഷീദ് കെ.കെ., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ, പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ 14 ആയി നിയമിച്ചിരിക്കുന്നു. |
| 3. | ശ്രീമതി. മിനിമോൾ എസ്. സെക്ഷൻ ഓഫീസർ ഇ.ഐ. 5 സെക്ഷൻ | 01.04.2019 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 40,500-85,000/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജോസഫ് ജോർജ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുണ്ടായ തസ്തിക ഒഴിവ് | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | |
|---|---|---|---|---|
| 4. | സി.ബി.സി.എസ്.എസ്. 11 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീമതി. അജി കെ -യെ, ഇ.ഐ. 17 സെക്ഷനിൽ, ശ്രീ. ജോസഫ് ജോർജ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 5. | ശ്രീമതി. പ്രസന്ന വി.കെ. അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ എഡി.ബി. 4 സെക്ഷൻ | 01.04.2019 പൂർവ്വാഹ്നം മുതൽ സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 36,600-79,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. മിനിമോൾ എസ്, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | ശ്രീമതി. അജി കെ, സെക്ഷൻ ഓഫീസറെ സ്ഥലം മാറ്റിയതിനെത്തുടർന്നുണ്ടായ ഒഴിവിൽ, CBCSS XI സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 6. | ശ്രീ. സാബു സി. ജോർജ് ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ (അവധി) | 01.04.2019 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്നു. | ശ്രീ. ജോയ് എം.ജെ., ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ പെൻഷൻ പ്രാരംഭാവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | ഇ.ജെ. 10 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 7. | ശ്രീമതി. ജലജാമണി പി.കെ., അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ, SC/ST സെൽ | 01.04.2019 പൂർവ്വാഹ്നം മുതൽ സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 36,600-79,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജോയ് ഇ., സെക്ഷൻ ഓഫീസർ വിരമിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് | എൻ.എസ്.എസ്. സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

II.

സൂചന (4) പ്രകാരം സ്കൂൾ ഓഫ് പ്യൂവർ ആൻറ് അപ്ലൈഡ് ഫിസിക്സിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയ ശ്രീമതി. മിനിമോൾ കെ. സക്കറിയാസ്-നെയും ഇ.ഐ. 35 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീമതി. സൂസൻ സി.പി.-യെയും 01.04.2019 പൂർവ്വാഹ്നം പ്രാബല്യത്തിൽ പരസ്പരം സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ, ശ്രീമതി. മിനിമോൾ കെ. സക്കറിയാസ്-നെയും ശ്രീമതി. സൂസൻ സി.പി.-യെയും 30.04.2019 വരെ നിലിവിലെ സീറ്റിൽ തുടരാൻ അനുവദിച്ചുകൊണ്ട് രജിസ്ട്രാർ സൂചന (5) പ്രകാരം ഉത്തരവായിരിക്കുന്നു. ടി ജീവനക്കാർ 2/5/2019 പ്രാബല്യത്തിൽ ,സൂചന (4) ഉത്തരവിൻ പ്രകാരം, സ്ഥലം മാറ്റപ്പെട്ട സെക്ഷനിൽ /പഠന വകുപ്പിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് .

Draft #17 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 01-Apr-2019 02:14 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #17 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 01-Apr-2019 02:14 PM - Page 4

അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (6) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (7)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മനോജ് കുമാർ .കെ. എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എVI/VIII/എഡി.സി I/II/III/ എഫ്.സി.സി./എഡി.ബി.IX
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം